പട നയിച്ച
ഭഗീരഥന്മാർ 1



കെ.പി. തമ്പി കണ്ണാടൻ

# ലീഡറുടെ പടയോട്ടങ്ങൾ

കേരളത്തിൽ ലീഡർ എന്ന് അറിയപ്പെട്ടിരുന്ന ഒറ്റ നേതാവേയുള്ളൂ. അതാണ് കെ. കരുണാകരൻ ഇ.എം. എസ്സിന്റെ കുത്സിത തന്ത്രങ്ങൾക്ക്  കുറിക്ക് കൊള്ളുന്ന ബദലൊരുക്കിയ രാഷ്ട്രീയ നേതാവ്. തെറ്റിദ്ധാരണയുടെ പേരിൽ രണ്ട് പ്രാവശ്യം മുഖ്യമന്ത്രി പദം ത്യജിക്കേണ്ടി വന്ന നേതാവ്. ജനപ്രീതി നേടി ഭൂരിപക്ഷം നേടിയല്ലാതെ അട്ടിമറിയിൽ കൂടി കരുണാകരൻ ഒരിക്കലും അധികാരം കയ്യാളിയിട്ടില്ല. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പ് ഗോദയിൽ ഇത്രത്തോളം ശോഭിച്ച മറ്റൊരു നേതാവ് കേരളത്തിലില്ല. തെരഞ്ഞെടുപ്പിൽ അദ്ദേഹം സൃഷ്ടിച്ച ഉത്സവഭേരി വിസ്മരിക്കാനാവുന്നതല്ല. തെരഞ്ഞെടുപ്പിന്റെ രസതന്ത്രം ഇത്രത്തോളം മനസ്സിലാക്കിയ മറ്റൊരു നേതാവില്ല. കണ്ണൂരിലെ തട്ടകം വിട്ട് തൃശൂരും പിന്നീട് തിരുവനന്തപുരവും രാഷ്ട്രീയക്കളരിയാക്കിയ കരുണാകരൻ 1998 ലെ ലോക്സഭാതെരഞ്ഞെടുപ്പിൽ തലസ്ഥാന മണ്ഡലത്തിൽ നടത്തിയ തെരഞ്ഞെടുപ്പ് പരീക്ഷണം തന്നെയായിരുന്നു. ലോക്സഭയിലേയ്ക്ക് സി.പി.ഐ യിലെ കെ.വി. സുരേന്ദ്രനാഥിന്റെ രണ്ടാം പടയോട്ടത്തിന് അന്ന്

കരുണാകരൻ തടയിട്ടു.

ആറ് പതിറ്റാണ്ടു കാലം കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന കെ. കരുണാകരൻ അന്നും ഇന്നും കോൺഗ്രസ്സ് അണികൾക്കും നേതാക്കൾക്കും ലീഡറായിരുന്നു. പലരുടെയും രാഷ്ട്രീയ ഗുരുവും വഴികാട്ടിയുമായിരുന്നു.

തൃശൂർ മഹാരാജാവ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സ്വർണ്ണ മെഡലോടെ പെയിന്റിംഗും ഡ്രോയിംഗും വിജയിച്ച കരുണാകരൻ തൃശൂരിൽ കൗൺസിലറായി വിജയിച്ചാണ് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് കടന്നുവന്നത്. ഒല്ലൂക്കരയിൽ നിന്ന് പ്രജാമണ്ഡപത്തിലേയ്ക്കും മണലൂരിൽ നിന്ന് തിരുക്കൊച്ചി നിയമസഭയിലേയ്ക്കുമെത്തിയ കരുണാകരൻ 1965 ൽ മാളയിൽ നിന്നാണ് ആദ്യമായി കേരള നിയമസഭയിൽ അംഗമായത്. അച്ചുതമേനോൻ മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രിയായി. അടിയന്തിരാവസ്ഥക്കാലത്ത് പോലീസിനെ ഭരിച്ചത് കരുണാകരനായിരുന്നു. ചില അതിക്രമങ്ങളൊക്കെ ഉണ്ടായെങ്കിലും അടിയന്തിരാവസ്ഥയെ തുടർന്നുള്ള തെരഞ്ഞെടുപ്പിൽ ഇൻഡ്യയിൽ അധികാരം തിരിച്ചുപിടിച്ച ഏക കോൺഗ്രസ് മുഖ്യമന്ത്രി കരുണാകരനായിരുന്നു. 1977 മുതൽ നാലുതവണ മുഖ്യമന്ത്രിയായ കരുണാകരന്റെ വലിയ തോൽവിയും തൃശൂരിലായിരുന്നു. സി.പി.ഐ യിലെ വി.വി. രാഘവനോട്. 1995 ൽ ഐ.എസ്.ആർ.ഒ ചാരക്കേസ്സിനെ തുടർന്നാണ് മുഖ്യമന്ത്രി പദം രാജിവച്ച് രാജ്യസഭയിലെത്തിയത്. രാജ്യസഭയിലെ കാലാവധി തീരുന്നതിന് മുമ്പായിരുന്നു സ്വന്തം തട്ടകമായിരുന്ന തൃശൂരിലെ തോൽവി. അതിനിടെ ചാരക്കേസ് കള്ളക്കേസായിരുന്നുവെന്ന് തെളിഞ്ഞപ്പോൾപ്പോലും കരുണാകരനോട് കാണിച്ച നീതികേടിന് ഖേദം പ്രകടിപ്പിക്കാൻ കോൺഗ്രസ് നേതൃത്വം തയ്യാറായില്ല.

തിരുവനന്തപുരത്തിനടുത്ത് പള്ളിപുറത്തുണ്ടായ വാഹനാപകടത്തിൽ പരുക്കേറ്റ കരുണാകരൻ ചികിത്സയ്ക്കായി വിദേശത്ത് പോയപ്പോഴുണ്ടായ രാഷ്ട്രീയ നീക്കങ്ങളായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ വലിയ പരീക്ഷണം. പക്ഷെ ലീഡർ എക്കാലവും ലീഡർ



**ഒരു ചിത്രകാരന്റെ ഭാവനയോടെയാണ് അദ്ദേഹംതെരഞ്ഞെടുപ്പുകളെ അഭിമുഖീകരിച്ചത്. സ്ഥാനാർത്ഥി നിർണ്ണയം മുതൽ ആരംഭിക്കുന്നു ഈ കരവിരുത്. ഒരുകാലത്ത് എം.എൻ. ഗോവിന്ദൻ നായർ തിരുവനന്തപുരം ലോക്സഭാ മണ്ഡലം അടക്കി വാണപ്പോൾ അദ്ദേഹത്തെ തോല്പിക്കാൻ ലീഡർ കണ്ടെത്തിയ സ്ഥാനാർത്ഥിയായിരുന്നു ഡോ. നീലലോഹിത ദാസൻ നാടാർ. ഒരുലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് നീലൻ വിജയശ്രീലാളിതനായത്. നീലൻ ഇടതുപക്ഷത്തേക്ക് മാറ്റിയപ്പോൾ അദ്ദേഹത്തെ വീഴ്ത്താൻ ചാൾസിനെ വീഴ്ത്തിയതും ലീഡർ തന്നെ.**

തന്നെയായിരുന്നു. പ്രസംഗവേദികളിലെ ക്രൗഡ് പുള്ളറും.

ഒരു ചിത്രകാരന്റെ ഭാവനയോടെയാണ് അദ്ദേഹംതെരഞ്ഞെടുപ്പുകളെ അഭിമുഖീകരിച്ചത്. സ്ഥാനാർത്ഥി നിർണ്ണയം മുതൽ ആരംഭിക്കുന്നു ഈ കരവിരുത്. ഒരുകാലത്ത് എം.എൻ. ഗോവിന്ദൻ നായർ തിരുവനന്തപുരം ലോക്സഭാമണ്ഡലം അടക്കി വാണപ്പോൾ അദ്ദേഹത്തെ തോല്പിക്കാൻ ലീഡർ കണ്ടെത്തിയ സ്ഥാനാർത്ഥിയായിരുന്നു ഡോ. നീലലോഹിത ദാസൻ നാടാർ. ഒരുലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് നീലൻ വിജയശ്രീലാളിതനായത്. തൊട്ടടുത്ത തെരഞ്ഞെടുപ്പിൽ നീലനെ തോൽപ്പിക്കാൻ ലീഡർ കണ്ടെത്തിയ സ്ഥാനാർത്ഥിയായിരുന്നു എ. ചാൾസ്. മറുകണ്ടം ചാടിയ നീലനെ തറപ്പറ്റിക്കാൻ ചാൾസിന് കഴിഞ്ഞു. പിന്നീട് ഏറെക്കാലം ചാൾസിനായിരുന്നു തിരുവനന്തപുരത്ത് മേൽക്കൈ.

തിരുവനന്തപുരത്ത് മാത്രമല്ല, ഏതൊരു മണ്ഡലത്തിലും അനുയോജ്യനായ സ്ഥാനാർത്ഥിയെ കണ്ടെത്താൻ കരുണാകരനുള്ള പാടവം മറ്റൊരു നേതാവിനുമില്ല.

നെടുമ്പാശ്ശേരി വിമാനത്താവളം, കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയം, ഗോശ്രീപാലം, കായംകുളം എൻ.ടി.പി.സി, കൊച്ചിയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കാസർഗോഡ്, പത്തനംതിട്ട ജില്ലകൾ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, ഗുരുവായൂർ റയിൽവേ ലൈൻ എന്നിവ കരുണാകരന്റെ ഭരണ നേട്ടങ്ങളാണ്.

ജീവിതത്തിലെ പ്രതിസന്ധികളായിരുന്നു കരുണാകരനെ കരുത്തനാക്കിയത്. ഒരു നേതാവ് എന്തായിരിക്കണമെന്നും അദ്ദേഹം അണികൾക്ക് കാണിച്ചുകൊടുത്തു. സമാനതകളില്ലാത്ത നേതാവായിരുന്നു അദ്ദേഹം. കരുണാകരന് തുല്യം കരുണാകരൻ മാത്രം.